പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 2155

10/10/2011 .ൽ മറുപടിയ്ക്ക്

## ജലവിഭവ വകുപ്പിന്റെ കുന്നത്തുനാട്ടിലെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ. | ശ്രീ. പി .ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) ന്റെ കീഴിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ കീഴിൽ 16 ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പ്രവർത്തികളുടെ പുനരുദ്ധാരണവും കൂടാതെ മുടിക്കൽ, കുടുമ്പനാട് എന്നീ LISന്റെ സിവിൽ പ്രവർത്തികളുടെ പുനരുദ്ധാരണവും നടന്നു വരുന്നു.<br>ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ കടമ്പ്രയാറിന്റെ ആഴം കൂട്ടുന്നതിലേയ്ക്കായി10ലക്ഷം രൂപയുടെയും 15ലക്ഷം രൂപയുടെയും 2 പ്രവർത്തികളും ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക അനുമതിയോടെ മനയ്ക്കകടവ് പാലം മുതൽ കടമ്പ്രയാർ ടൂറിസം കേന്ദ്രം വരെ നടപ്പാത നിർമ്മിക്കുന്നതിലേക്കായി അനുവദിച്ച 49 ലക്ഷം രൂപയുടെ പ്രവർത്തിയും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഉൾനാടൻ ജലഗതാഗതത്തിനായി 520 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നബാർഡ് ആർ.ഐ.ഡിഎഫ് XVI -ൽ നിന്നും ലഭ്യമായിട്ടുള്ള പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

ചീഫ് എഞ്ചിനീയർ, (പ്രോജക്ട് -2) ന്റെ കീഴിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പെരിയാർ വാലി കനാലുകളുടെ 13 അറ്റകുറ്റപണികളും, കോലഞ്ചേരി ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ അറ്റകുറ്റ പണിയും കൂടാതെ ക്ലോസിംഗ് ലീക്കേജ് & റെക്റ്റിഫിക്കേഷൻ വർക്സ് near chainage 1.2km of Chekkulam Minor Distributory വർക്കും നടക്കുന്നുണ്ട്.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുന്നത്തുനാട് മണ്ഡലത്തിൽ വാഴകുളം കുന്നത്തുനാട് കിഴക്കമ്പലം എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി LIC/NC/PC ധനസഹായത്തോടെ ആരംഭിക്കുകയും എന്നാൽ തുടർന്ന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ നബാർഡ് ധനസഹായത്തോടെ സ്പാൻ പദ്ധതിയിൽപ്പെടുത്തി പണികൾ നടന്നു വരുന്നു.

ഡയറക്ടർ, ഭൂജലവകുപ്പിന്റെ കീഴിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പോത്തനാം പറമ്പ് എസ്.സി. കോളനിയിൽ ഒരു മിനി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ജോലി ടെണ്ടർ ചെയ്തെങ്കിലും ആരും ജോലി ഏറ്റെടുക്കാത്തതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

| | | | |
|---|---|---|---|
| ബി) | ഇതിൽ എന്തെങ്കിലും പണി പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത മൂലം മുടങ്ങിപ്പോയിട്ടുണ്ടോ; എങ്കിൽ എതെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) | ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും) ന്റെ കീഴിൽ പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത മൂലം പണികൾ ഒന്നും മുടങ്ങിയിട്ടില്ല.<br><br>ചീഫ് എഞ്ചിനീയർ, (പ്രോജക്ട് -2) ന്റെ കീഴിൽ പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത മൂലം പണികൾ ഒന്നും മുടങ്ങിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പദ്ധതി വിഹിതത്തിന്റെ അപര്യാപ്തതമൂലം ഇപ്പോൾ പദ്ധതികൾ ഒന്നും മുടങ്ങികിടക്കുന്നില്ല.<br><br>ഡയറക്ടർ, ഭൂജലവകുപ്പിന്റെ കീഴിൽ പോത്തനാംപറമ്പ് എസ്.സി. കോളനിയിലെ പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതത്തിന്റെ അപര്യാപ്തത ഇല്ല. |
| സി) | പ്രസ്തുത പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ചീഫ് എഞ്ചിനീയർ(ജലസേചനവും ഭരണവും)ന്റെ കീഴിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ചീഫ് എഞ്ചിനീയർ, (പ്രോജക്ട് -2) ന്റെ കീഴിൽ പ്രസ്തുത പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 12/2011-ൽ പൂർത്തിയാകത്തക്കവിധം വിവിധ ഘടകങ്ങളുടെ പണികൾ പുരോഗമിക്കുന്നു.<br><br>ഡയറക്ടർ, ഭൂജലവകുപ്പിന്റെ കീഴിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ